## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1189** 21/03/2013 ൽ മറുപടിയ്ക്ക്

### അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. പി. തിലോത്തമൻ.

(എ) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ റവന്യൂ വകുപ്പിലെ ഏതെല്ലാം രേഖകളും സർട്ടിഫിക്കറ്റുകളുമാണ് അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങളിലൂടെ നെററ് കണക്ഷന്റെയും കമ്പ്യൂട്ടറിന്റെയും സഹായത്താൽ ഒരപേക്ഷ നൽകി സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ എത്ര തവണ ഒരു കക്ഷി അക്ഷയ കേന്ദ്രത്തിൽ പോകേണ്ടി വരും എന്നു പറയാമോ; ഇതിനു വേണ്ടി പലതവണ പണം നൽകേണ്ടി വരുമോ എന്നു വ്യക്തമാക്കുമോ; അപേക്ഷ സമർപ്പിച്ചു കഴിയുമ്പോൾ റവന്യൂ ഉദ്യോഗസ്ഥർ അപേക്ഷയിലെ പോരായ്മകൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുകയോ അപേക്ഷ മടക്കുകയോ ചെയ്യുമ്പോൾ വീണ്ടും അപേക്ഷാ ഫീസ് നൽകാതെ അപേക്ഷ പുനഃസമർപ്പിക്കുവാൻ കഴിയുമോ എന്നു പറയാമോ?

മറുപടി

ശ്രീ. അടൂർ പ്രകാശ്.
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതിലൂടെ റവന്യൂ വകുപ്പിലെ 23 ഇനം സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നു. ടി സർട്ടിഫിക്കറ്റുകളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന വ്യക്തി സ്വഗൃഹത്തിനടുത്തുള്ള അക്ഷയ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കുകയും 20 രൂപ സർവ്വീസ് ചാർജ്ജ് അടയ്ക്കുകയും ചെയ്താൽ പ്രസ്തുത അക്ഷയ കേന്ദ്രത്തിൽ നിന്നു തന്നെ അപേക്ഷകന് പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

(ബി) സാധാരണ ഗതിയിൽ അപേക്ഷ നൽകുവാനും സർട്ടിഫിക്കറ്റ് വാങ്ങാനും മാത്രം കക്ഷികൾ അക്ഷയ കേന്ദ്രത്തിൽ പോയാൽ മതിയാകും. ആദ്യ തവണ നൽകുന്ന സർവ്വീസ് ചാർജ്ജിനു പുറമേ താഴെ പറയുന്ന ചാർജ്ജുകൾ ആവശ്യമെങ്കിൽ നൽകേണ്ടതുണ്ട്.

സ്കാനിംഗ് ചാർജ്ജ് - ഒരു പേജിന് 2 രൂപ
സർട്ടിഫിക്കറ്റ് പ്രിന്റിംഗ് ചാർജ്ജ്- ഒരു പേജിന് 2 രൂപ
നിലവിലെ സ്ഥിതി വിവര അന്വേഷണം- 2 രൂപ

അപേക്ഷകൾ തെറ്റു തിരുത്തി സമർപ്പിക്കുന്നതിലേയ്ക്കായി ചാർജ്ജുകൾ ഒന്നും തന്നെ ഈടാക്കുന്നില്ല.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### റവന്യൂ വകുപ്പിൽ നിന്നും ഓൺലൈൻ വഴി ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ

| നമ്പർ | സർട്ടിഫിക്കറ്റ് |
|---|---|
| 1 | ജാതി സർട്ടിഫിക്കറ്റ് |
| 2 | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് |
| 3 | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് |
| 4 | റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് |
| 5 | നേറ്റിവിറ്റി സർട്ടിഫിക്കറ്റ് |
| 6 | പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് |
| 7 | സോൾവൻസി സർട്ടിഫിക്കറ്റ് |
| 8 | ലൊക്കേഷൻ സർട്ടിഫിക്കറ്റ് |
| 9 | ഡൊമിസിൽ സർട്ടിഫിക്കറ്റ് |
| 10 | വരുമാന സർട്ടിഫിക്കറ്റ് |
| 11 | കൈവശാവകാശ സർട്ടിഫിക്കറ്റ് |
| 12 | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| 13 | കൈവശാവകാശവും നോൺ അറ്റാച്ച്മെന്റും സർട്ടിഫിക്കറ്റ് |
| 14 | മിശ്രവിവാഹ സർട്ടിഫിക്കററ് |
| 15 | ലൈഫ് സർട്ടിഫിക്കറ്റ് |
| 16 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് |
| 17 | വിധവ/ വിഭാര്യൻ സർട്ടിഫിക്കറ്റ് |
| 18 | ഒരേ വ്യക്തിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 19 | മത/ ജാതി പരിവർത്തന സർട്ടിഫിക്കറ്റ് |
| 20 | അഗതി സർട്ടിഫിക്കറ്റ് |
| 21 | കുടുംബാംഗത്വ സർട്ടിഫിക്കറ്റ് |
| 22 | ആശ്രിതനെന്ന സർട്ടിഫിക്കറ്റ് |
| 23 | പുനർവിവാഹം നടത്തിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ് |